പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2078

11.06.2018 -ൽ മറുപടിയ്ക്ക്

വാഹനാപകടങ്ങൾ

| ചോദ്യം<br><br>ശ്രീ.യു.ആർ.പ്രദീപ് | | മറുപടി<br><br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് 2017-ൽ എത്ര വാഹനാപകടങ്ങൾ ഉണ്ടായിട്ടുണ്ട്; അവയിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട്; | (എ) | 2017-ൽ 38470 വാഹനാപകട കേസ്സുകൾ രജിസ്റ്റർ ചെയ്തതിൽ 4131 പേർ മരണപ്പെട്ടു. ഇതിൽ 22606 ഇരു ചക്രവാഹനാപകടങ്ങൾ ഉൾപ്പെട്ടിട്ടുണ്ട് |
| (ബി) | ഇതിൽ ഇരുചക്ര വാഹനങ്ങൾ ഉൾപ്പെട്ട അപകടങ്ങൾ എത്ര; | (ബി) | |
| (സി) | അശ്രദ്ധയോടെയും അമിതവേഗതയിലും ഡ്രൈവിങ്ങ് നടത്തുന്നതു കൊണ്ടാണ് മിക്ക വാഹനങ്ങളും അപകടത്തിൽ പ്പെടുന്നത് എന്നത് കണക്കി-ലെടുത്ത് ലൈസൻസ് ഇല്ലാതെയും പ്രായപൂർത്തിയാകാതെയും വാഹനം ഓടിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ; | (സി) | ലൈസൻസ് ഇല്ലാതെയും പ്രായപൂർത്തിയാകാതെയും വാഹനം ഓടിക്കുന്നവർക്കെതിരെ വാഹന പരിശോധന നടത്തി കേരളാ മോട്ടോർ വാഹന നിയമം 3 (i) r/w 181 വകുപ്പു പ്രകാരവും ഇത്തരക്കാരെ വാഹനമോടിക്കാൻ അനുവദിച്ച ആർ.സി ഉടമസ്ഥർക്കെതിരെ കേരളാ മോട്ടോർ വാഹന നിയമം 5(i) r/w 180 വകുപ്പു പ്രകാരവും പെറ്റി കേസ്സ് ചുമത്തുന്നുണ്ട്. ഇത്തരക്കാർക്ക് പോലീസ് വകുപ്പും മോട്ടോർ വാഹന വകുപ്പും ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു. |
| (ഡി) | വാഹനാപകടങ്ങളും മരണങ്ങളും കുറയ്ക്കു-ന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സ്കീം നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് ട്രാഫിക് പോലീസ്, ലോക്കൽ പോലീസ് എന്നിവർ വാഹന പരിശോധനകൾ നടത്തിവരുന്നു. ട്രാഫിക് നിയമ ലംഘനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചും പ്രധാന റോഡുകൾ |

| | | | |
|---|---|---|---|
| | | | കേന്ദ്രീകരിച്ച് ഹൈവെ പട്രോളിംഗ് ശക്തമാക്കിയും അമിതവേഗത്തിലും, അപകടകരമായും ലൈസൻസ് ഇല്ലാതെയും ഹെൽമറ്റ് ഉപയോഗിക്കാതെയും മദ്യപിച്ച് വാഹനമോടിക്കുന്നവർക്കെതിരേയും, **Alcometer, Speed Detection Camera, Speed Radar, Interceptor Vehicle** എന്നിവ ഉപയോഗിച്ച് വാഹന പരിശോധനകൾ ഊർജ്ജിതമാക്കി വരുന്നതുമാണ്. ലൈസൻസ് റദ്ദ് ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മോഡൽ റോഡ് പദ്ധതി നടപ്പിലാക്കി ടി റോഡിൽ പ്രത്യേക വാഹന പരിശോധന നടത്തിവരുന്നതും മോഡൽ ജംഗ്ഷൻ ആരംഭിച്ചും, മുന്നറിയിപ്പു ബോർഡുകൾ, ബ്ലിംങ്കിംഗ് ലൈറ്റുകൾ, ബ്ലിംങ്കിംഗ് സ്റ്റഡുകൾ എന്നിവ സ്ഥാപിച്ചും സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷിച്ചും റോഡ് മാർജിനുകൾ അടയാളപ്പെടുത്തിയും, സ്കൂളുകളിലും, കോളേജുകളിലും, പൊതുജനങ്ങൾക്കും ഡ്രൈവർമാർക്കും, ട്രാഫിക്ക് ബോധ-വൽക്കരണ ക്ലാസ്സുകൾ നടത്തിയും, ലഘുലേഖകൾ വിതരണം ചെയ്തും, മോട്ടോർ വകുപ്പുമായി ചേർന്ന് സംയുക്ത വാഹന പരിശോധന നടത്തിയും, അപകടമേഖലകൾ കേന്ദ്രീകരിച്ച് മുന്ന-റിയിപ്പു ബോർഡുകളും, സൈൻ ബോർഡുകളും സ്ഥാപിച്ചും റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. റോഡിൽ ട്രാഫിക്ക് സിഗ്നൽ ലൈറ്റുകൾ, സ്ട്രീറ്റ് ലൈറ്റുകൾ, ഹംബുകൾ, സീബ്രാ ലൈനുകൾ എന്നിവ സ്ഥാപിച്ചും സുരക്ഷാ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിന് വേണ്ടി ഹൈവെ ജാഗ്രത സമിതികൾ, റോഡ് സേഫ്റ്റി ക്ലബ്ബുകൾ, റോഡ് സേഫ്റ്റി അതോറിറ്റി എന്നിവ രൂപികരിച്ച് ഫലപ്രദമായി പ്രവർത്തിച്ചു വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ